"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിത ശിശു വികസന വകുപ്പ്-കാളികാവ് അഡീഷണൽ ശിശു വികസന പദ്ധതി ഓഫീസർ ശ്രീമതി.ഖമറുന്നിസ.എൻ ന് വണ്ടൂർ ശിശു വികസന പദ്ധതി ഓഫീസറുടെ പൂർണ്ണ അധിക ചുമതല നിർവഹിച്ച കാലയളവിലേക്ക് ചാർജ്ജ് അലവൻസ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**വനിത ശിശു വികസന (എ) വകുപ്പ്**

സ.ഉ.(സാധാ) നം.34/2025/WCDD തീയതി,തിരുവനന്തപുരം, 28-01-2025

---

പരാമർശം:- 1. 10.02.2021 ലെ സ.ഉ (അച്ചടി) നം.27/2021/ധന നം ഉത്തരവ്

2. വനിത ശിശു വികസന ഡയറക്ടറുടെ 28.09.2024 ലെ ഡിഡബ്ല്യുസിഡി/4438/2024-ഇ1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കാളികാവ് അഡീഷണൽ ശിശുവികസന പദ്ധതി ഓഫീസർ ശ്രീമതി ഖമറുന്നിസ.എൻ 01/05/2024 മുതൽ 23/05/2024 വരെ വണ്ടൂർ ശിശുവികസന പദ്ധതി ഓഫീസറുടെ പൂർണ്ണ അധിക ചുമതല വഹിച്ചിരുന്നതിനാൽ ടി കാലയളവിലേയ്ക്ക് ചാർജ്ജ് അലവൻസ് അനുവദിക്കുന്നതിനായി അപേക്ഷിച്ചതായും ശ്രീമതി ഖമറുന്നിസ.എൻ ന്റെ റഗുലർ തസ്തികയും ടിയാൾ അധിക ചുമതല വഹിച്ചിരുന്ന തസ്തികയും ഒരേ തസ്തിക തന്നെ ആയതിനാൽ ജോലി സ്വഭാവത്തിൽ വ്യത്യാസം ഇല്ലെന്നും ശ്രീമതി ഖമറുന്നിസ.എൻ സേവനമനുഷ്ഠിച്ചിരുന്ന റഗുലർ തസ്തികയുടെ അധികാരപരിധിക്ക് പുറത്തുള്ള സ്വതന്ത്രമായ മറ്റൊരു തസ്തികയുടെ പൂർണ്ണ അധിക ചുമതല വഹിച്ചിരുന്നതിനാൽ (KSR Part-1 Rule 53 A II (b) (1) പ്രകാരം ടിയാൾക്ക് 01/05/2024 മുതൽ 23/05/2024 വരെ ചാർജ്ജ് അലവൻസ് അനുവദിക്കാവുന്നതാണെന്നും പരാമർശം (2) പ്രകാരം വനിത ശിശു വികസന ഡയറക്ടർ ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

(2) സർക്കാർ ഈ വിഷയം പരിശോധിച്ചു. വനിത ശിശു വികസന ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ കാളികാവ് അഡീഷണൽ ശിശുവികസന പദ്ധതി

ഓഫീസർ ശ്രീമതി ഖമറുന്നിസ.എൻ , വണ്ടൂർ ശിശുവികസന പദ്ധതി ഓഫീസറുടെ പൂർണ്ണ അധിക ചുമതല നിർവഹിച്ച കാലയളവിലേയ്ക്ക് കെ.എസ്.ആർ ഭാഗം I ,ചട്ടങ്ങൾ 53 (b) (2) (as amended vide G.O (P) No.88/2017/Fin dated 11.07.2017) , 53 A II (b) (1) ,53(c) എന്നിവ പ്രകാരം അധിക തസ്തികയുടെ ശമ്പളസ്കെയിലിന്റെ മിനിമത്തിന്റെ 4% എന്ന നിരക്കിൽ 01/05/2024 മുതൽ 23/05/2024 വരെയുള്ള കാലയളവിലേക്ക് ചാർജ്ജ് അലവൻസ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**MANOJ M S**

അണ്ടർ സെക്രട്ടറി

വനിത ശിശു വികസന ഡയറക്ടർ തിരുവനന്തപുരം.

ശ്രീമതി. ഖമറുന്നിസ.എൻ,ശിശു വികസന പദ്ധതി ഓഫീസർ (വനിത ശിശു വികസന ഡയറക്ടർ മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ

(ജി&എസ്.എസ്.എ/എ&ഇ),കേരളം,തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്

(പ്രസിദ്ധീകരണത്തിന്).

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Bindu K N

സെക്ഷൻ ഓഫീസർ

Date: 28-01-2025 12:30:19